CORRUPTION, A CRIME AGAINST NATION

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 10.01.2024

# കൈക്കൂലി വാങ്ങുന്നതിനിടെ കേരള കേന്ദ്ര സർവ്വകലാശാലയിലെ യൂണിവേവേഴ്സിറ്റിയിലെ പ്രൊഫസർ വിജിലൻസ് പിടിയിൽ

കാസറഗോഡ് ജില്ലയിലെ കേരള കേന്ദ്ര സർവ്വകലാശാലയിൽ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിലെ പ്രൊഫസർ ആയ മോഹൻ എ.കെ 20,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ ഇന്ന് (10/01/2024) വിജിലൻസിന്റെ പിടിയിലായി.

കാസറഗോഡ് ജില്ലയിലെ കേരള കേന്ദ്ര സർവ്വകലാശാലയിൽ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിലെ ഗസ്റ്റ് ഫാക്കൽറ്റിയായി ജോലി ചെയ്ത് വന്നിരുന്ന. പരാതിക്കാരൻറെ ഗസ്റ്റ് കാലാവധി 2023 ഡിസംബറിൽ അവസാനിച്ചതിനെ തുടർന്ന് കരാർ പുതുക്കി നൽകുന്നതിനും തുടർന്ന് Phd ക്ക് അഡ്മിഷൻ ശരിയാക്കി നൽകുന്നതിനും സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിലെ പ്രൊഫസർ ആയ മോഹൻ എ.കെ രണ്ടു ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടിരുന്നു. പരാതിക്കാരൻ ഈ വിവരം വിജിലൻസ് ആസ്ഥാനത്തെ ഇന്റെലിജൻസ് വിഭാഗത്തെ അറിയിക്കുകയും തുടർന്ന് വിജിലൻസ് വടക്കൻ മേഖലാ പോലീസ് സൂപ്രണ്ട് ശ്രീ:പ്രജീഷ് തോട്ടത്തിലിന്റെ മേൽനോട്ടത്തിൽ കെണി ഒരുക്കുകയും , ആദ്യ ഗഡുവായി ഇന്നു വൈകിട്ട് 20,000/- രൂപ കൈക്കൂലി വാങ്ങവെ കാസറഗോഡ് വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ. വി.കെ. വിശ്വംഭരൻ നായരുടെ നേതൃത്വത്തിലുള്ളവിജിലൻസ് സംഘം പ്രൊഫസർ ആയ മോഹനനെ കൈയോടെ പിടികൂകയാണുണ്ടായത്.

അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി യെ കൂടാതെ ഇൻസ്പെക്ടർമാരായ എ.സി.ചിത്തരഞ്ജൻ , എൽ ആർ രൂപേഷ്, കാസറഗോഡ്

റെവന്യൂ റിക്കവറി തഹസിൽദാർ പി ഷിബു , അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ റിജു മാത്യൂ,സബ് ഇൻസ്പെക്ടർമാരായ ഈശ്വരൻ നമ്പൂതിരി, കെ രാധാകൃഷ്ണൻ , വി.എം മധുസുദനൻ ,പി വി സതീശൻ , അസി. സബ് ഇൻസ്പെക്ടർ വി.ടി സുഭാഷ് ചന്ദ്രൻ , സീനിയർ സിവിൽ പോലീസ് ഓഫിസർമാരായ രാജീവൻ , സന്തോഷ്, ഷീബ, പ്രദീപ്, പി.വി സുധീഷ് , കെ വി ജയൻ, പ്രദീപ് കുമാർ , കെ.ബി ബിജു, കെ പ്രമോദ് കുമാർ തുടങ്ങിയവർ കൂടി യുണ്ടായിരുന്നു..

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.